# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 92** — **11.06.2019-ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ അഴിമതി നിർമാർജ്ജനം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.കെ.ജെ.മാക്സി**<br>**ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.എം.സ്വരാജ്**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | : | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | മുൻസർക്കാരിന്റെ കാലത്ത് നിർമ്മിച്ച കൊച്ചി പാലാരിവട്ടം മേൽപ്പാലം നിർമ്മാണം പൂർത്തിയായി ചുരുങ്ങിയ കാലത്തിനിടയിൽ തകർന്നതിന്റെ പശ്ചാത്തലത്തിൽ സംഭവത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി അഴിമതിക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷ ഉറപ്പാക്കാൻ നടപടിയാരംഭിച്ചിട്ടുണ്ടോ; | (എ) | ആരംഭിച്ചിട്ടുണ്ട്. വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് വകുപ്പ് നടത്തിയ | (ബി) | വിജിലൻസ് വകുപ്പ് യാതൊരു അന്വേഷണവും ഔദ്യോഗികമായി നടത്തിയതായി കാണുന്നില്ല. എന്നാൽ ഒരു വിജിലൻസ് DYSP കഴിഞ്ഞ |

| | |
|---|---|
| പഠനത്തിന്റെ റിപ്പോർട്ടിലെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമായിരുന്നു; | സർക്കാരിന്റെ കാലത്ത് ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നു. അതിൽ പറഞ്ഞ പ്രധാന കാര്യങ്ങൾ മുഖവിലയ്ക്കെടുത്ത് ഇതിന്മേൽ കഴിഞ്ഞ സർക്കാർ ഒരു തീരുമാനവും എടുത്തിരുന്നില്ല.<br>DYSP യുടെ റിപ്പോർട്ടിലെ നിഗമനങ്ങൾ താഴെ ചേർക്കുന്നു.<br>1. മരാമത്ത് പണിയുടെ ബിൽ തയ്യാറാക്കുന്ന അവസരത്തിൽ പൊതുമരാമത്ത് വകുപ്പിലെ വിവിധതരത്തിലുള്ള ഉദ്യോഗസ്ഥർക്ക് നൽകേണ്ട കൈക്കൂലിയുടെ ശതമാനം.<br>2. മരാമത്ത് പണി പൂർത്തിയാക്കാതെ ബില്ല് പാസാക്കി കൈക്കൂലി വാങ്ങുന്നു.<br>3. പുതുക്കിയതും പെരുപ്പിച്ചതുമായ എസ്റ്റിമേറ്റ് അനുവദിച്ച് കൈക്കൂലി വാങ്ങുന്നു.<br>4. പൊതുമരാമത്ത് അനുവദിക്കുന്ന ടാർ ഉൾപ്പെടെയുള്ള നിർമ്മാണസാമഗ്രികൾ മറിച്ച് വിൽക്കുന്നു.<br>5. ഉദ്യോഗസ്ഥ സ്ഥലമാറ്റത്തിനും പോസ്റ്റിംഗിനും കൈക്കൂലിയായി നിശ്ചിത തുക നിശ്ചയിക്കുകയും വാങ്ങുകയും ചെയ്യുന്നു.<br>6. മന്ത്രി/സെക്രട്ടറി തലത്തിലുള്ളവർക്ക് നൽകുന്നതിന് വേണ്ടി എന്ന് പറഞ്ഞ് വിവിധ ഡിവിഷനുകളിൽ നിന്നും ചീഫ് എഞ്ചിനീയർമാർ/സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ തുടങ്ങിയവർ പണപ്പിരിവ് നടത്തുന്നു. ടി പണം |

അവർ തന്നെ കൈകാര്യം ചെയ്യുകയാണോ മുകളിലേക്ക് കൈമാറുന്നുണ്ടോ എന്നറിയില്ല.

7. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ അഴിമതിയും, പൊതുമരാമത്ത് വകുപ്പിന് കോർപ്പറേഷനുമേൽ നിയന്ത്രണമില്ലാത്ത അവസ്ഥയും.

8. ടെലികോം ആവശ്യങ്ങൾക്കായി റോഡ് കുഴിക്കുന്നതിനോടനുബന്ധിച്ച് നടത്തുന്ന വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും മറ്റുമുള്ള അഴിമതി.

9. റോഡ് നിർമ്മാണത്തിന്റെ ഭാഗമായി റോഡ് കട്ട് ചെയ്യുന്നതിനും മണ്ണിട്ട് നികത്തുമ്പോഴും എടുക്കുന്ന അളവുകളുടെ ക്രമക്കേടും അഴിമതിയും.

(സി) റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സമഗ്ര അന്വേഷണം നടത്തുന്ന കാര്യം പരിശോധിക്കുമോ;

(സി) പരാതി ലഭിക്കുന്ന വിഷയങ്ങളിൽ അന്വേഷണം നടത്തി കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം വകുപ്പിലെ അഴിമതിക്ക് അറുതി വരുത്തുന്നതിനും കാര്യക്ഷമത ഉറപ്പാക്കുന്നതിനും നിർമ്മാണ പ്രക്രിയയിൽ ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോഗം വിപുലപ്പെടുത്തുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

(ഡി) അഴിമതി, കാര്യനിർവ്വഹണത്തിലെ വീഴ്ച, മേൽനോട്ട വീഴ്ച, സാമ്പത്തിക നഷ്ടം ഉണ്ടാക്കൽ തുടങ്ങിയ വീഴ്ചകൾക്ക് ഏതാണ്ട് 100 ൽ പരം എഞ്ചിനീയർമാർ അടക്കമുള്ള ഉദ്യോഗസ്ഥർക്കെതിരെ സർവീസ് നിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിൽ അഴിമതി ഇല്ലാതായതായി പൊതുവെ ധാരണ ഉണ്ടായിട്ടുണ്ട്. കൃത്യനിഷ്ഠയിലും പുരോഗതി ഉണ്ടായിട്ടുണ്ട്. നിർമ്മാണ സൗന്ദര്യവും വർദ്ധിച്ചിട്ടുണ്ട്. ദീർഘകാലം നിലനിൽക്കത്തക്ക

രീതിയിലുള്ള നിർമ്മാണ രീതിയാണ് അവലംബിക്കുന്നത്. മുൻ ചീഫ് സെക്രട്ടറി C.P.നായർ തുടങ്ങിയവർ ഗുണപരമായ മാറ്റം എടുത്തുകാട്ടി ലേഖനങ്ങൾ എഴുതിയിരുന്നു. പൊതുമരാമത്ത് വകുപ്പിലെ അഴിമതിയ്ക്ക് അറുതിവരുത്തുന്നതിനായി ഗുണമേന്മ പരിശോധനയ്ക്കായി 3 റീജയണൽ ഓഫീസുകൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) നിലവിലുണ്ട്. ഇവയുടെ മേൽ നോട്ടം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്-നെ ഏൽപ്പിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്നു തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കുകയും ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾക്ക് ഓരോ ഘട്ടത്തിലും ഗുണനിലവാര പരിശോധന നിർബന്ധമാക്കുകയും, പരിശോധനാഫലം തൃപ്തികരമാണെന്ന് ഉറപ്പുവരുത്തി മാത്രമേ ബിൽ തുക അനുവദിക്കുന്നുള്ളൂ. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് ഡിസൈൻ വിംഗിൽ നിന്നും ഡിസൈൻ തയ്യാറാക്കി കുറ്റമറ്റരീതിയിൽ പാലങ്ങളുടെ പ്രവൃത്തി നടത്തുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ പുതിയ സാങ്കേതിക വിദ്യകളായ milling, Soil stabilization, gabion wall, soil nailing, sherded plastic കലർത്തിയുള്ള ടാറിംഗ്, NRMB ഉപയോഗിച്ചുള്ള ടാറിംഗ് തുടങ്ങിയവ ഉപയോഗിക്കുന്നുണ്ട്. ബാംഗ്ലൂർ മോഡൽ വൈറ്റ് ടോപ്പിംഗ് സർഫസ് തെരെഞ്ഞെടുത്ത റോഡുകളിൽ നടപ്പാക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്. കേരള കൗമുദി പോലുള്ള ദിനപത്രങ്ങളിലും, കലാ കൗമുദി പോലുള്ള വാരികകളിലും PWD റോഡ് നിർമാണത്തിലെ ഗുണപരമായ മാറ്റം കണ്ടെത്തി മുഖപ്രസംഗവും , പ്രത്യേക റിപ്പോർട്ടും പ്രസിദ്ധീകരിച്ചതായി കാണുകയുണ്ടായി .

സെക്ഷൻ ഓഫീസർ